


# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol.14 No. 8 Newsletter August 2016



For freedom Christ has set us free. Stand firm, therefore, and do not submit again to a yoke of slavery.
- Gal.5:1

# അനുമോദനം



**1. ജിനോജ് റ്റൈറ്റസ്, സ്റ്റാച്ചു**
Canadaþbnse Queen's University- ൽ നിന്നും
Master of Management Analytics (M.M.A.)- ൽ Degree കരസ്ഥമാക്കി.
പിതാവ് : എസ്. റ്റൈറ്റസ്
മാതാവ് : മേബൽ റ്റൈറ്റസ്
ഭാര്യ : രജിത ജിനോജ്
മക്കൾ : നേതൻ റ്റി. ജിനോജ്, നീൽ റ്റി. ജിനോജ്

**2. ആനി അൽഫോൺസ്**
പണയിൽവീട്, ഗൗരീശപട്ടം, ഇക്കഴിഞ്ഞ S.S.L.C. പരീക്ഷയിൽ
8 വിഷയങ്ങൾക്ക് A+ ഉം 2 വിഷയ ങ്ങൾക്ക് A യും നേടി വിജയിച്ചു.
പിതാവ് : അൽഫോൺസ് ജെ.
മാതാവ് : ഹെലൻ ഇവാൻസ്
സഹോദരി : അലീനഅൽഫോൺസ്





**3. ബോബൻ**
KCC പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു.
പിതാവ് : പി. രാജ്കുമാർ
മാതാവ് : അജിത പുന്നൻ

**4. റവ. ടി. സെൽവരാജൻ** (ദക്ഷിണകേരള മഹായിടവകയുടെ
വൈസ് ചെയർമാൻ &എം. എം.
ചർച്ചിലെ പ്രസ്ബിറ്റർ – ഇൻ – ചാർജ്ജ്
KCC പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു.





**5. റവ. എൻ. ആർ. സനിൽ കുമാർ**
Serampore University - Federated Faculty for Research in Religion and Culture (FFRRC)-ൽ നിന്നും M.Th. (Master of Theology) Christian Ministry and Counselling Second Class – ൽ വിജയിച്ചു.
Thesis Title : "Role of Spirituality on Marital Expectation of Young Adults: An Implication to Pastoral care and counselling''
ഭാര്യ : സ്മിതാറാണി
മക്കൾ : ബ്ലസ് വിൻ ദേവ് എസ്. എസ്.,
അതാലിയ ദേവ് എസ്. എസ്.

# CHURCH VOICE

14th year of publication

AUGUST 2016



**CHIEF EDITOR**

Rev. T. Selvarajan

**EDITOR**

Er. Priya Joy

**EDITORIAL BOARD**

Rev. Dr. Jyothi Issac
Rev. T. Velvet John
Rev. N.R. Sanil Kumar
Prof. Oliver A. Maison
Er. Lal C.L.



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com



**PRINTED AT**

GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowshipe | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (4 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (4 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. Dr. Jyothi Issac (Presbyter) | | 9446849592 |
| Rev. T. Velvet John (Presbyter) | 2316544 | 9746670362 |
| Rev. N.R. Sanil Kumar (Presbyter) | 2316644 | 9446091420 |
| Prof. Oliver A. Maison (Secretary) | | 9495352829 |
| Er. Lal C.L. (Accountant) | 2336491 | 9447101223 |
| Mr. Arthur Roosevelt | | 9447461719 |
| Mr. Edward John J. | | 9495666455 |
| Er. Ceragil Austin Prince | | 9037819570 |
| Mrs. Freeda Christopher | | 9746296008 |
| Er. Priya Joy | | 9645314473 |
| **Church Office** | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



# The Truth Shall set you Free

Greetings to you in the name of Our God and Saviour Jesus Christ.

We are going to celebrate the 70th Independence day on fifteenth of this month.

What is Independence?

Due to the disunity of our people and their lack of Education, the foreign people came to our country and established power. It is true that the missioneries among them loved us and did a lot of things for our upliftment. But the others had an eye on our wealth and resources. They exploited us and became our masters.

The freedom movement led by our fatherd, Nation and other leaders of the National Movement fetched freedom to us at the midnight of August 14, 1947 and we commencement our independence on every 15th of August. This is the political and social Independence of our Nation.

But what is Independence according to our life of fetch? As the Bible says we have to know the Truth and the truth will set us free. Jesus had said that He is the way, the truth and the life. So in order to become free we have to believe in and know the truth. This eternal truth, Jesus will make us free.

If one has to became free he has to be tied up or enslaved to someone or something. As Christians we have the possibility to became slaves to sin and Satan the master sin. If we yield to him. He will make us his slaves and freedom from his clutch is a very difficult process. But the most powerful weapon to fight against Satan is the firm belief in Jesus Christ. That eternal truth will set us free from his clutches. Satan please his Yoke on the shoulders of a true believe in different ways. But the Child of

God ought to pray to get the ability to recognize the temptation of Satan.

How can we recognize the bribes of devil? If we study and meditate upon the Holy Scripture, we can overcome the temptation of Satan and strengthen ourselves to fight against the enemy of God. If we put our dependence upon God, He will certainly take us away from the Satan's power.

The freedom from Satanic bribe and sin is the true independence in the life of a Christian. There, when we have to celebrate our Christian Independence Day.

We became independent from the clutches and influence of Satan at the moment, when Jesus died for us at cross. Let us look at that Cross where our Saviour died for us.

"When I swing the window cross

On which the prince of glory died

My richest gain I cant but loss.

And pour contempt on all my pride"

Thus let us march to the goal of eternity as the Independent soldiers of the cross. May God give the grace for the same. Amen. I wish you all a happy Independence Day.

**Rev. T. Selvarajan**

Presbyer-in-Charge

*"What Shall I render unto the LORD*
*for all his benefits toward me"?*

*"I will take the cup of salvation,*
*and call upon the name of the LORD".*



**കർത്താവിൽ പ്രിയരേ,**

രക്ഷകനായ കർത്താവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം.

അപ്രതീക്ഷിതമായാണ്, സി.എസ്.ഐ. എ.എം. ചർച്ചിന്റെ ഭരണശുശ്രൂഷ ഏറ്റെടുക്കുവാനുള്ള നിയോഗം, 16-07-2016-ൽ, നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ഉണ്ടായത്. ഭരണഘടനയ്ക്കു വിധേയമായി, 2016-19 ത്രൈവാർഷിക തെരഞ്ഞെടുപ്പിനായി മഹായിടവക പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ സമയക്രമമനുസരിച്ച് എല്ലാ സഭകളിലും ചെയ്യേണ്ടിയിരുന്ന കുടിശിക ലിസ്റ്റ് പ്രസിദ്ധീകരിക്കലും സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പുള്ള കണക്ക് അവസാനിപ്പിക്കലും നിയമപരമായി വോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കലും നമ്മുടെ സഭയിൽ നടത്താത്തതുകൊണ്ട്, നമ്മുടെ സഭയുടെ ഡീഖൻ തെരഞ്ഞെടുപ്പ് യഥാസമയം നടത്താൻ കഴിഞ്ഞില്ല എന്നത് നാം അറിഞ്ഞതാണല്ലോ. യഥാസമയം ഡീഖൻ തെരഞ്ഞെടുപ്പ് നടക്കാത്തതിനാൽ, സഭയുടെ അനുദിന ശുശ്രൂഷയ്ക്ക് ആവശ്യമായ ക്രമീകരണം ചെയ്യാൻ, മഹായിടവക ഭരണഘടന അദ്ധ്യായം III വകുപ്പ് 28 ഉപവകുപ്പ് (i) പ്രകാരം അഭിവന്ദ്യ ബിഷപ്പ്, 16-07-2016 ശനിയാഴ്ച ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു.

സഭയുടെ മുഖ്യധാരയിൽ സജീവമെങ്കിലും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ, സഭയുടെ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കെടുക്കുകയോ, സ്ഥാനങ്ങൾ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ അംഗങ്ങളായി നിയമിച്ചുകൊണ്ടുള്ള അഭിവന്ദ്യ ബിഷപ്പിന്റെ ഉത്തരവ് തികച്ചും അപ്രതീക്ഷിതമായാണ് ഞങ്ങൾ അറിഞ്ഞത്. അപ്രതീക്ഷിതമായ പ്രസ്തുത നിയോഗത്തെക്കുറിച്ച് പെട്ടെന്നൊരു അമ്പരപ്പ് ഉണ്ടായെങ്കിലും ദൈവനിയോഗം ഉണർന്ന് പ്രാർത്ഥനയോടെ ആ ദൗത്യം ഞങ്ങൾ ഏറ്റെടുത്തു.

സഭയുടെ ശുശ്രൂഷ ചുമതല ഏറ്റെടുക്കേണ്ടിവന്നത് ഒരു വിശുദ്ധ ദിനത്തിനു തൊട്ടുമുമ്പുള്ള ദിനമായതിനാൽ (ശനിയാഴ്ച) അന്നു തന്നെ അടിയന്തിരമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൂടുകയും അടുത്ത ദിവസത്തെ ആരാധനകൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

സഭാവിശ്വാസികൾക്ക് യാതൊരു ബുദ്ധിമുട്ടും നേരിടാതവണ്ണം സഭയുടെ അനുദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി ക്രമീകരിക്കുന്നതും നടക്കാതെപോയ സഭയുടെ ത്രൈവാർഷിക തെരഞ്ഞെടുപ്പ് നിയമപരമായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതുമാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ദൗത്യം. അതിന് മഹായിടവക ഭരണഘടനയ്ക്കനുസൃതമായി കാര്യങ്ങൾ ക്രമീകരിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത കാര്യത്തിൽ സഭയിലെ എല്ലാ വിശ്വാസികളുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

06-07-2016-ൽ വൈ.എം.സി.എ. നടത്തിയ ഇന്റർ സണ്ടേസ്കൂൾ കലാമത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയ നമ്മുടെ സണ്ടേസ്കൂൾ വിദ്യാർത്ഥി,വിദ്യാർത്ഥിനികളെ അഭിനന്ദിക്കുന്നു. 09-07-2016-ൽ നടന്ന ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ കലാമത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ നമ്മുടെ സണ്ടേസ്കൂളിനെ അഭിനന്ദിക്കുകയും ഏര്യ, മഹായിടവക മത്സരങ്ങളിലും വിജയം ആവർത്തിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു. 2016 ജൂലൈ 17 മുതൽ 24 വരെ സി.ഇ.വൈ.എഫ്.ന്റെ ആഭിമുഖ്യത്തിൽ യുവജനവാരം സമുചിതം ആഘോഷിച്ചു. സെമിനാരി ഞായറായി ആചരിച്ച 24-07-2016 ഞായറാഴ്ച്ച, സെമിനാരി പ്രതിനിധികൾ ആരാധനകളിൽ പങ്കെടുത്ത് വചനശുശ്രൂഷ നടത്തുകയും സംഭാവനകൾ സ്വീകരിക്കുകയും ചെയ്തു.

**ചരമം**

1. നമ്മുടെ സഭയിലെ 199-ാമത്തെ കുടുംബാംഗമായ ശ്രീ. തമ്പി ജോസഫ് അവർകളുടെ സഹധർമ്മിണി, ശ്രീമതി ഡെയ്സി വിമലാവതി തന്റെ 82-ാം വയസിൽ, 11-07-2016-ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

2. നമ്മുടെ സഭയിലെ 138-ാമത്തെ കുടുംബാംഗമായിരുന്ന, പരേതനായ ശ്രീ. ദേവദാസ് ഹാരീസ് അവർകളുടെ സഹധർമ്മിണി, ശ്രീമതി ഗ്ലാഡീസ് ദേവദാസ്, തന്റെ 81-ാം വയസിൽ, 19-07-2016-ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതരുടെ നല്ല സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും ദുഃഖാർദ്രരായ കുടുംബാംഗങ്ങൾക്ക് സഭയുടെ അനുശോചനം അറിയിക്കുകയും സർവ്വാശ്വാസത്തിനും കാരണഭൂതനായ ദൈവം പ്രിയ കുടുംബങ്ങൾക്ക് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നൽകുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയുടെ ഭരണപരമായ കാര്യങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ എല്ലാവരുംതന്നെ പുതുമുഖങ്ങളാണെങ്കിലും പ്രാർത്ഥനയോടും ദൈവാശ്രയത്തോടും ദൈവഭയത്തോടും എല്ലാ കാര്യങ്ങളും കൂട്ടായി ആലോചിച്ച്, വന്ദ്യ പുരോഹിതന്മാരുടെ നേതൃത്വത്തിൽ ഒത്തൊരുമയോടെ ചെയ്യുന്നു. അതിനാൽ കാര്യങ്ങൾ കഴിവതും കുറ്റമറ്റ രീതിയിൽ ചെയ്യാൻ സാധിക്കുന്നു.

ദൈവകരങ്ങളിൽ, വിക്കനായ മോശെയും ഉള്ളതിലും ഇളയവനായ ദാവീദും വെറും ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമായ ആമോസും സാധാരണ മീൻപിടിത്തക്കാരായ കർത്തൃശിഷ്യരും വൻകാര്യങ്ങളെ ചെയ്യാൻ പ്രാപ്തരായതുപോലെ ഞങ്ങളും ഈ ശുശ്രൂഷ നിറപടിയായി നിറവേറ്റാൻ പ്രാപ്തരാകേണ്ടതിന് ഞങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.

ബലഹീനരായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകി പ്രവർത്തനം കാര്യക്ഷമമാക്കാൻ സഹായിക്കുകയും എല്ലാ കാര്യങ്ങളിലും നിർലോഭമായ സഹകരണം നൽകി കൈതാങ്ങുകയും ചെയ്യണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

നിങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി

**പ്രൊഫ. ഒലിവർ എ. മെയ്സൻ.**

## ഉപവാസ ആരാധന

**ആഗസ്റ്റ് 13, 2016**

**(രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ)**

**ശുശ്രൂഷ നയിക്കുന്നത് റവ. റ്റി. സെൽവരാജൻ**

***ഏവരെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു.***

## സ്ഥിരീകരണം

**25-9-2016 ഞായറാഴ്ച 4.15 pm**

# വില ഗണ്യമാക്കാതെയുള്ള സമർപ്പണം



ജെ. എഡ്വേർഡ് ജോൺ

"കഷ്ടത എന്ന കഠിനശോധനയിലായിരുന്നിട്ടും അവരുടെ സന്തോഷ സമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാര്യം കാണിക്കുവാൻ കാരണമായി ത്തീർന്നു." (2കൊരി.8:2)

ദുരാഗ്രഹമുള്ള ഒരുവന് ഔദാര്യമായി നൽകുവാനുള്ള മനസ്സുണ്ടാവുകയില്ല. സന്മനസ്സും ഔദാര്യശീലവുമുള്ള ഹൃദയത്തിൽ നിന്ന് ചൊരിയപ്പെടുന്ന അനുഗ്രഹത്തിന്റെ സൽഫലമാണ് വില ഗണ്യമാക്കാതെയുള്ള നൽകൽ. ദാനധർമ്മത്തെക്കുറിച്ച് പഠിപ്പിക്കുവാനും യഹൂദ്യയിലുള്ള ദരിദ്ര ജനത്തിന് ധർമ്മശേഖരത്തെക്കുറിച്ച് നിർദ്ദേശം നൽകുവാനും അനുസരിക്കാത്തവർക്ക് മുന്നറിയിപ്പ് നൽകുവാനും പൗലോസ് തന്റെ ലേഖനത്തിൽ ഊന്നൽ നൽകിയിരിക്കുന്നു. മെക്കദോന്യ സഭയിലെ വിശ്വാസികൾ കഠിനശോധകളുടെ മധ്യേ മഹാദാരിദ്ര്യത്തിൽ ജീവിച്ചിരുന്നവർ ആയിരുന്നു. അവർ ധനാഢ്യരല്ല, ആഡംബരജീവിതം നയിച്ചിരുന്നവരല്ല, സമൃദ്ധിയുടെ ഉന്നതിയിൽ കഴിഞ്ഞിരുന്നവരുമല്ല. എങ്കിലും ഇതൊന്നും അവർക്ക് ഔദാര്യമായി നൽകുന്നതിന് തടസ്സമായിരുന്നില്ല. കഷ്ടപ്പെടുന്ന തങ്ങളുടെ യഹൂദ സഹോദരൻമാരെ കഴിവിനധികമായി സഹായിക്കുന്നതിന് അവസരം ലഭിച്ചതിൽ സന്തോഷിക്കുകയാണ്. സൽപ്രവൃത്തി ചെയ്യുവാനുള്ള ജനത്തിന്റെ താല്പര്യം കണ്ട പൗലോസ് അവരെ അഭിനന്ദിക്കുകയും പ്രശംസിക്കുകയും ചെയ്തു. ഔദാര്യമെന്നത് കല്പനയാലുള്ളതല്ല. സ്വന്തതാല്പര്യപ്രകാരമുള്ളതാണ്. ആരുടേയും നിർബന്ധത്തിന് വിധേയമാകാതെ പൂർണ്ണമനസ്സോടെ സന്തോഷപൂർവ്വം നൽകുന്നതാണ് ഔദാര്യം.

**എങ്ങനെ നൽകണം**

- ഹൃദയപൂർവ്വം താല്പര്യത്തോടെ നൽകണം
- മനസ്സില്ലാമനസ്സോടെ നൽകരുത്
- നിർബന്ധത്താൽ കൊടുക്കരുത്
- സന്തോഷത്തോടെ കൊടുക്കണം

ദശാംശം നൽകുന്നത് ന്യായപ്രമാണത്തിനു മുമ്പു മുതലുള്ള രീതിയായിരുന്നുവെന്നും യാക്കോബ് ദൈവം നൽകിയ സകലത്തിനും ദശാംശം നൽകിയിരുന്നുവെന്നും ഉല്പ. 14:20-ൽ സൂചിപ്പിച്ചിരിക്കുന്നു. മോശ യിസ്രായേൽ ജനത്തോട് കല്പിച്ചതെന്തെന്നാൽ "നിങ്ങളുടെ ഇടയിൽ നിന്ന് യഹോവയ്ക്ക് ഒരു വഴിപാട് എടുക്കണം. നല്ല മനസ്സുള്ളവരെല്ലാം വഴിപാട് കൊണ്ടുവരണം". (പുറ.35:4) മോശയുടെ വാക്കുകേട്ട ജനം പൊന്ന്, വെള്ളി, താമ്രം, ഗോമേദകക്കല്ല്, പട്ടുനൂൽ തുടങ്ങി സമാഗമനകൂടാരത്തിന്റെ പണിക്കാവശ്യമായ സാധനങ്ങൾ ധാരാളമായി കൊണ്ടുവന്നു. "ഔദാര്യ മനസ്സുള്ള പുരുഷൻമാരും സ്ത്രീകളും ധാരാളമായി കൊണ്ടുവന്നു. കിട്ടിയ സാധനങ്ങളോ സകലപ്രവർത്തിയും ചെയ്യുവാൻ വേണ്ടുവോളവും അധികവുമായിരുന്നു". (പുറ.36:7)

വിതെക്കുന്നവന് വിത്തും ഭക്ഷിക്കുന്നതിന് ആഹാരവും നൽകുന്നത് ദൈവമാണ്. നാം വിത്തു വിതച്ചാൽ വിളവു കൊയ്യും. നാം കൊടുക്കുന്നുവെങ്കിൽ അത് നമുക്ക് തന്നെ തിരിച്ചുകിട്ടും. (ലൂക്കൊ.6:38) ദൈവം നൽകുന്ന ധനം സ്വന്തം അഭിവൃദ്ധിക്കുവേണ്ടി മാത്രം വിനിയോഗിക്കാതെ മറ്റുള്ളവരുടെ നന്മയ്ക്കായും വിനിയോഗിക്കുമ്പോൾ ദൈവം നമ്മുടെ ധനത്തെ അധികമായി വർദ്ധിപ്പിക്കും.

**നൽകിയാൽ ലഭ്യമാകുന്ന അനുഗ്രഹങ്ങൾ**

- ആകാശത്തിന്റെ കിളിവാതിൽ തുറന്ന് സ്ഥലം പോരാതെ വരുവോളം അനുഗ്രഹം നൽകും. നിന്റെ അദ്ധ്വാനഫലം നശിപ്പിച്ചുകളയാതെ സംഹാരകനെ ശാസിക്കും. നീതിയുടെ വിളവ് വർദ്ധിപ്പിക്കും. സകല ജാതികളും ദൈവത്തിന്റെ അനുഗ്രഹം തിരിച്ചറിയും.

മോശ യിസ്രായേൽ ജനത്തോട് നീ ഭക്ഷിച്ച് തൃപ്തി പ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്ക് തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ച് അവന് സ്തോത്രം ചെയ്യണമെന്നും നിഗളിക്കാതിരിക്കുവാൻ ശ്രദ്ധിക്കണമെന്നും ഓർമ്മപ്പെടുത്തുന്നു. കാരണം ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാണ്. ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടകന്ന് ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു.

**ഇക്കൂട്ടർക്ക് ദൈവം നൽകിയിരിക്കുന്ന ആജ്ഞകൾ**

• ധനത്തിൽ ആശ്രയിക്കരുത് • ഉന്നതഭാവം കൂടാതെയിരിക്കണം • സൽപ്രവൃത്തികളിൽ സമ്പന്നരാകണം • നന്മ ചെയ്യുക • ദൈവത്തിൽ

ആശ വയ്ക്കുക • എല്ലാവരോടും കൂട്ടായ്മ പുലർത്തുക • സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുക.

**ധനത്തോടുള്ള ആർത്തിമൂലമുള്ള പാപങ്ങൾ**

• ഭൂമിയിൽ നിക്ഷേപം കൂട്ടിവയ്ക്കുന്നു • സമ്പത്തു വർദ്ധിപ്പിക്കുവാൻ നീതിമാൻമാരെ കൊല്ലുന്നു • ആഡംബരത്തിലും അഹന്തയിലും ജീവിക്കുന്നു • കൂലിക്കാരെ വഞ്ചിക്കുന്നു • കാമാർത്തിയോടെ ജീവിക്കുന്നു • പിശാചിന്റെ പ്രലോഭനങ്ങൾക്ക് അടിമപ്പെടുന്നു.

ദശാംശവും വഴിപാടും ദൈവത്തിനുള്ളതാണ്. ദൈവത്തിന്റെ ഭണ്ഡാരം സമൃദ്ധമായിരിക്കണമെങ്കിൽ ദൈവത്തിന് അവകാശപ്പെട്ടത് ദൈവത്തിന് നൽകണം. ഇതു നൽകാതെ സ്വന്ത ലാഭത്തിന് ഉപയോഗിക്കുന്നത് ദൈവത്തിന്റെ വക കൊള്ളയടിക്കുന്നതിന് തുല്യമാണ്. കരയുന്നവർ, ദരിദ്രരായവർ, വിശക്കുന്നവർ, നിന്ദിക്കപ്പെട്ടവർ എന്നിങ്ങനെ സഹതാപം അർഹിക്കുന്ന ധാരാളംപേർ നമുക്കു ചുറ്റുമുണ്ട്. ഭണ്ഡാരഗൃഹം എന്നത് ദേവാലയമാണ്. സഭയിൽ അത് സഹായം ലഭിക്കുന്ന ഇടം. ഈ ഭണ്ഡാരഗൃഹം സമൃദ്ധമായി നിലനിൽക്കണമെങ്കിൽ വില ഗണ്യമാക്കാതെ നൽകണം. ഇന്ന് ദുരൂപദേഷ്ടാക്കൻമാർ ധാരാളമുണ്ട്. ഇവരുടെ കൗശലവാക്കുകൾ പരമാർത്ഥ ഹൃദയമുള്ളവരുടെ മനസ്സിനെ വശീകരിക്കും. കൗശല വാക്കുകളിൽ വശംവദരായി വഞ്ചിക്കപ്പെടും. "നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കൻമാർ ഉണ്ടാകും. അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്താൽ കൗശലവാക്കു പറഞ്ഞ് നിങ്ങളെ വാണിഭമാക്കും". (2 പത്രൊ.2:1-2) "അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരതവിട്ട് വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" എന്ന് യോഹന്നാന്റെ ലേഖനങ്ങളിലൂടെ ഓർമ്മപ്പെടുത്തുന്നു. നിനക്ക് ബോധിക്കുന്നിടത്തൊക്കെയും നിന്റെ യാഗങ്ങളും നേർച്ചകളും കഴിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊൾവിൻ. നിനക്ക് ആരാധനയ്ക്ക് ഒരു സ്ഥലമേ ഉള്ളൂ എന്നത് തിട്ടമായിരിക്കുക. അവിടെ ഞാൻ നിന്നോട് ആജ്ഞാപിക്കുന്നതൊക്കെയും ചെയ്യണം. (ആവ.12:13-14) നൽകേണ്ടത് നൽകേണ്ടിടത്ത് നൽകിയാൽ രഹസ്യത്തിലുള്ള ദാനം ചെയ്യൽ പരസ്യമായി ദൈവത്താൽ ആദരിക്കപ്പെടും. കണക്കുകൾ പ്രകാരം ആയിരം കോടി ജനങ്ങളിൽ നന്നായി ഭക്ഷണം

കഴിക്കുന്നവർ മൂന്നിലൊന്നു മാത്രം. രണ്ടുശതമാനം പേർ ഒരുനേരത്തെ ഭക്ഷണം കഴിച്ച് തൃപ്തരാകുന്നു. 1.8 ശതമാനംപേർക്ക് ഒരുനേരം പോലും വിശപ്പടക്കുവാൻ കഴിയുന്നില്ല. 74 ശതമാനംപേർക്ക് ശുദ്ധജലം പോലും കിട്ടുന്നില്ല. നാം സുഭിക്ഷമായി ഭക്ഷണം കഴിച്ചിട്ട് മിച്ചം വലിച്ചെറിയുമ്പോൾ വിശക്കുന്ന വയറുമായി ചുറ്റിലും അനേകരുണ്ടെന്ന യാഥാർത്ഥ്യം നാം മറന്നുപോകുന്നു. "വിശപ്പുള്ളവനോട് നീ താല്പര്യം കാണിക്കുകയും കഷ്ടത്തിലിരിക്കുന്നവന് തൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം മധ്യാഹ്നം പോലെയാകും" (യെശ.58:10). തിന്നു കുടിച്ച് സുഖസമൃദ്ധിയോടെ ജീവിതം നയിക്കുന്ന ധനവാനോട് യേശു ചോദിക്കുന്നത് "ഈ രാത്രിയിൽ നിന്റെ ജീവനെ എടുത്താൽ നീ കൂട്ടിവെച്ചിരിക്കുന്നത് ആർക്കാകും". മനസ്സ് നിരാശകൊണ്ട് നിറയുകയും ഹൃദയം വേദനകൊണ്ട് തകരുകയും ചെയ്യുന്ന വേളകളിൽ പണം കൊണ്ട് എന്തു ഗുണം. മറ്റുള്ളവരുടെ വിഷമതകൾ കുറയ്ക്കുവാൻ നാം ഒന്നും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ജീവിതം കൊണ്ട് എന്തു പ്രയോജനം. യേശു പറഞ്ഞു. "ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്കാകുന്നു ചെയ്യുന്നത്". നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്തിൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് യേശു ദരിദ്രനായി (2 കൊരി.8:9) അഖിലാണ്ഡത്തിന്റെ ഉടയവനും പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവും നമ്മെ സമ്പന്നരാക്കുവാൻ എല്ലാവർക്കും വേണ്ടി ദരിദ്രനായിത്തീർന്നു. എല്ലാറ്റിലുമുപരി ആത്മാവിന്റെ വില മനസ്സിലാക്കാതെ പണത്തിന്റെയും പ്രതാപത്തിന്റെയും തിമിർപ്പിലാണെങ്കിൽ അത് കെണിയായിത്തീരും എന്നതിന് തർക്കമില്ല. ജീവിതത്തിന്റെ ലക്ഷ്യവും ഓട്ടവും ക്രിസ്തുവായിരുന്നാൽ നമ്മുടെ തലമുറയും ആ വഴിയേ ഓടിക്കൊള്ളും. പണം കൊണ്ട് സ്വർണ്ണകുരിശു വാങ്ങാം, പുണ്യസ്ഥലങ്ങളിൽ യാത്ര ചെയ്യാം. എന്നാൽ പണം കൊണ്ട് ജീവന്റെ രക്ഷകനെ നേടുവാൻ കഴിയുകയില്ല. പണം കൊണ്ട് പള്ളിയും ക്ഷേത്രവും പണിയാം. എന്നാൽ പണം കൊണ്ട് സ്വർഗ്ഗം നേടുവാൻ കഴിയുകയില്ല. അതിനാൽ ധനമാണ് ജീവിതത്തിന്റെ പ്രധാന ലക്ഷ്യം, പണം കൊണ്ട് എന്തും നേടാം എന്ന മോഹം വെടിഞ്ഞ് നമ്മെത്തന്നെ സമർപ്പിക്കാം. "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായി പ്രവർത്തിക്കാം."

# CHRISTIANITY

**Charles Jayakumar**



Christianity is Christ. The Christian faith is centered around the person of Jesus Christ. His life, Work and Teachings form the basis of Christianity. Christianity is to follow Jesus Christ, Abide on Him and to accept Him as Lord and Saviour. The cross has become the symbol of Christianity. Its Sacred rite, is the remembrance of the broken body and the Blood of Jesus shed at the Cross of Calvary. But it is not a dead Jesus that Christians worship and follow, but a risen Jesus who is alive for ever. The core and content of Christianity is Jesus. The Birth, Life, Death and Resurrection of Jesus Christ is therefore significant. "Great In deed is the Mystery of our Religion. He was manifest in the Flesh, indicated in the spirit, seen by angels, preached among the nations, believed on in the world taken up in Glory. (1Tim. 3:16)

The relation of Jesus Christ to God is such that Theology and Christology are dependent on each other. The God of Christianity is the God of Grace, Salvation is by Grace. "For by Grace you have been saved through faith and this is not your own doing, it is the Gift of God, Not because of works, Lest any man should boast. (Eph. 2:8-9) For God so loved the world, that he gave His only begotten son, that who ever believes in Him should not perish, But have eternal life. (John : 3:16)

The Death of Christ is mediatory "There is one God and there is one mediator between God and man, The man Christ Jesus" ( 1 Tim. 2:5). The Crucified Christ is the risen Sagour, not Bound to Time and place "For as many of you". The son of Mary is the Son of man. He is the Man of others "For as many of you were Baptized into Christ Have put on Christ. There is neither Jew nor Greek, There is neither slaves nor free, there is neither male nor female, for you are all one in Christ Jesus" (Gal. 3:28).

Christianity is a religion of Service
Christianity is a missionary religion.

# സ്വാതന്ത്ര്യം

അടിമത്തവും സ്വാതന്ത്ര്യവും തമ്മിൽ മൗലികമായ ഒരു വ്യത്യാസമുണ്ട്. അടിമത്തം ഒരു അവസ്ഥയും സ്വാതന്ത്ര്യം ഒരു പ്രക്രിയയുമാണ്. ആത്മബോധത്തിന്റെ പൂർണതയിലേക്കുള്ള പടിപടിയായ വളർച്ചയാണ് സ്വാതന്ത്ര്യം. അതുകൊണ്ട് സ്വതന്ത്രരായിരിക്കുകയല്ല സ്വതന്ത്രിതരായിക്കൊണ്ടിരിക്കുകയാണ് യാഥാർത്ഥ്യം. എപ്പോഴാണോ ഈ പ്രക്രിയ നിലയ്ക്കുന്നത് അപ്പോൾ സ്വാതന്ത്ര്യം ഇല്ലാതായി അടിമത്തം വരുന്നു. 1947 ആഗസ്റ്റ് 15 -ന് ഇന്ത്യയിൽ അടിമത്തം അവസാനിച്ചു എന്നതിനർത്ഥം സ്വാതന്ത്ര്യത്തിന്റെ പാതയിൽ ചരിക്കാൻ ആരംഭിച്ചു എന്നു മാത്രമാണ്. ആ യാത്രയ്ക്ക് അവസാനമില്ല. ആ സഞ്ചാരം അവിരാമമായി തുടരുകയാണോ അതോ ബ്രിട്ടണു പകരം വേറെ ചിലരുടെ ആധിപത്യത്തിനു തലവച്ചു കൊടുക്കുകയാണോ ചെയ്തത് എന്ന ചോദ്യം ഗൗരവപൂർവ്വം ഉന്നയിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. സ്വാതന്ത്ര്യത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞതിപ്രകാരമാണ്. അധികാര ദുർവിനിയോഗം എവിടെ കണ്ടാലും അതിനെ നിർഭയമായി എതിർക്കാനും ചെറുത്തു നിൽക്കാനുമുള്ള സമൂഹത്തിന്റെ കരുത്താണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യലബ്ധിയുടെ ആനന്ദം തിരിച്ചറിയുമ്പോൾ ഗാന്ധിജി ചോദിച്ച ചോദ്യം ഇന്നും നാം ആവർത്തിക്കുന്നു.

എന്തിനീ ആഹ്ളാദത്തിമിർപ്പ്

സബർമതി ദൂരെയാണ്

നവഖലി അടുത്തും

ഭാരതം സ്വാതന്ത്ര്യമായിട്ട് 69 വർഷം തികയുകയാണല്ലോ. ഭാരതീയരെ സംബന്ധിച്ച് വളരെയേറെ പ്രാധാന്യമുള്ള ഒരു ദിനം. മനുഷ്യർ ഇന്ന് പലയിടത്തും അടിമത്ത ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഈ ചങ്ങലയിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാൻ സ്വാതന്ത്ര്യദാതാവായ ക്രിസ്തുവിനെ സമൂഹത്തിനും രാഷ്ട്രത്തിനും ലോകത്തിനും പകർന്നു നൽകുക എന്ന ദൗത്യം നമുക്ക് ഏറ്റെടുക്കാം. വിത്ത് ഒരു സാധ്യതയാണ്. മണ്ണിൽ വേരു താഴ്ത്തി വിണ്ണിൽ ആയിരം

ചില്ലകൾ വീശി പതിനായിരം പറവകൾക്ക് ചേക്കേറാൻ ഇടമൊരുക്കുന്ന ഒരു സാധ്യത. ജീവന്റെ ഏതു സ്ഫുരണത്തിലുമുണ്ട് ഇങ്ങനെ സഫലമാകപ്പെടേണ്ട ഒരു സാധ്യത. അങ്ങനെ ശബ്ദമില്ലാത്തവരുടെ ശബ്ദമായി, അശരണർക്കും ആലംബഹീനർക്കും ആശ്രയമായി ആരുടെയോ സ്വാതന്ത്ര്യ ദുരുപയോഗത്തിലൂടെ അടിമകളായി തീർന്നവർക്ക് നല്ലൊരു സുഹൃത്തായും വിമോചകരായും മുന്നിൽ കൈ നീട്ടുന്നവന്റെ മുഖം നോക്കാതെ ഹൃദയത്തെ നോക്കി അനുഗ്രഹിക്കുന്ന പാപവിമോചകനായ ക്രിസ്തുവിന്റെ ദൗത്യനിർവ്വാഹകരായി തീരുവാൻ സർവ്വേശ്വരനായ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ.

സ്വാതന്ത്ര്യദിന ആശംസകളോടെ

റവ. റ്റി. സെൽവരാജൻ — റവ. ഡോ.ജ്യോതി ഐസക്

റവ.എൻ.ആർ.സനിൽകുമാർ — റവ.റ്റി.വെൽവറ്റ് ജോൺ

**YMCA സംഘടിപ്പിച്ച Inter Sunday School**
**കലാമത്സരത്തിൽ വിജയിച്ച നമ്മുടെ കുഞ്ഞുങ്ങൾ**

1. ആരോൺ ജോഷി ദാസ് (സോളോ- I)
2. നവീൻ സി. ലാൽ (സോളോ- II)
3. ആർദ്ര ബി. എസ്. (പ്രസംഗം- I)
4. റ്റിറ്റോ എസ്. ബാബു (സോളോ- II)
5. ജിത്യ ജി. ആൻസലം (പ്രസംഗം- I)
6. ആതിര ആർ. (വാക്യം കണ്ടെത്തൽ- II)

- District Sunday School കലാമത്സരത്തിൽ നമ്മുടെ സണ്ടേസ്കൂളിന് ഒന്നാം സ്ഥാനം
- ഏര്യാ സണ്ടേസ്കൂൾ കലാമത്സരം 2016 സെപ്റ്റംബർ 10-ാം തീയതി രാവിലെ 9 മണി മുതൽ LMS Compound-ൽ (ഒന്നും, രണ്ടും സ്ഥാനം ലഭിച്ചവർക്ക് പങ്കെടുക്കാം)
- Sunday School -ന്റെ ഈ വർഷത്തെ Fancy Sale August 7 -ന് രാവിലെ 10 മുതൽ T.J.M. ഹാളിൽ.

# വെളിച്ചത്തിന്റെ സാക്ഷികൾ ആകുക

**അജി വിനോദ് റോയ് സി.റ്റി.**



ഒരിക്കൽ ഇംഗ്ലണ്ടിലെ തീരപ്രദേശത്തുള്ള ഒരു പള്ളി കൊടുങ്കാറ്റിൽ നശിച്ചു. അതിന്റെ ഗോപുരവും തകർന്നുവീണു. ഗോപുരത്തിന്റെ വിളക്ക് നഷ്ടപ്പെട്ടു. ആ ഗോപുരത്തിലെ വിളക്ക് കപ്പൽ യാത്രക്കാർക്ക് വളരെ പ്രയോജനകരമായിരുന്നു. തൻനിമിത്തം ഇംഗ്ലണ്ടിലെ സൈന്യാധിപൻ പള്ളി പണിയുവാൻ ആവശ്യപ്പെട്ടു. പള്ളി പണിയാത്തപക്ഷം ഗവൺമെന്റിൽ നിന്നും പണിയുന്നതാണെന്നും പറഞ്ഞു. ഗോപുരത്തിലെ വിളക്ക് നഷ്ടപ്പെട്ടതുകൊണ്ട് കപ്പിത്താൻമാർ വളരെ കഷ്ടത്തിലായിത്തീർന്നു. മറ്റുള്ളവർക്ക് മാർഗ്ഗദർശിയായിരിക്കേണ്ട നമ്മുടെ ജീവിതം തകർന്നുപോയാൽ അത് വലിയ നഷ്ടമാണെന്ന് കരുതി, നമ്മുടെ ജീവിതങ്ങളെ വീഴാതവണ്ണം ദൈവകൃപയിൽ സൂക്ഷിക്കേണ്ടത് ആവശ്യമാണ്. യേശു പറഞ്ഞു "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന്" (യോഹ.8:12). ക്രിസ്തുവിന്റെ വെളിച്ചം ഉൾക്കാഴ്ചയ്ക്ക് കരുത്തു നൽകുന്നു. വെളിച്ചവും ഇരുട്ടും പുതിയ നിയമത്തിലെ ശക്തമായ രണ്ടു പ്രതിരൂപങ്ങളാണ്. യേശുവിനെ പ്രകാശത്തോട് ബന്ധിപ്പിച്ചാണ് സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നത്. യേശുവിനെ അറിയുക എന്നു പറയുന്നത് പ്രകാശത്തിൽ നടക്കുന്നതിന് തുല്യമാണ്. പുനരുത്ഥാനത്തെ വെളിച്ചമായും ബന്ധപ്പെടുത്തി പറയാറുണ്ട്. യേശു നിലത്ത് തുപ്പി, ചേറുണ്ടാക്കി പൂശി. കാഴ്ചപ്രാപിച്ചവന് പറയാനുണ്ടായിരുന്നത് ഞാൻ അന്ധനായിരുന്നു, ഇപ്പോൾ കാഴ്ച പ്രാപിച്ചിരിക്കുന്നു എന്നാണ്. ക്രിസ്തുവിന്റെ പ്രകാശം ലഭിച്ചുകഴിഞ്ഞാൽ അതു മറച്ചുവയ്ക്കാൻ കഴിയുകയില്ല; നാം അതിന്റെ സാക്ഷികളാവണം. നമ്മുടെ കുരുട്ടു കണ്ണുകളെ തുറന്ന് പ്രകാശം നൽകണമെന്ന് പ്രാർത്ഥിക്കാം. വെളിച്ചം നൽകുന്ന ഉൾക്കാഴ്ച നമ്മെ സൽപ്രവൃത്തികൾക്ക് പ്രേരിപ്പിക്കുന്നു. ദൈവത്തിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കണമെന്നുള്ള ഉൾക്കാഴ്ച ഒന്നുകൊണ്ടുമാത്രമാണ് അഗതികളുടെ അമ്മയായ മദർ തെരേസ പാപികളുടെ ഇടയിൽ പ്രവർത്തിച്ചത്. തിരുവചനം വായിക്കുമ്പോൾ ഈ ഉൾക്കാഴ്ച നമുക്കു വേണം. ഉജ്ജ്വല ശോഭയുള്ള വിളക്കുകളായി ത്തീരണമെന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ✸

# മിഷണറി ദൗത്യം രക്തസാക്ഷി പാതയിൽ

ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം



മിഷണറി സുവിശേഷീകരണമാണ് ഒരു ക്രിസ്ത്യാനിയുടെ മുഖമുദ്ര. ദൈവഹൃദയം നമ്മിൽ പകരപ്പെടുമ്പോൾ സുവിശേഷ പ്രോത്സാഹികളായിട്ടല്ല, സുവിശേഷത്തിന്റെ പ്രഘോഷകരായിത്തീരാൻ വേദപുസ്തകം നമുക്ക് ആഹ്വാനം നല്കുന്നു. ദൈവനാമം ഉയർത്തപ്പെടണമെന്നും അവസാനത്തെ പുരുഷനെയും സ്ത്രീയെയും സുവിശേഷം അറിയിക്കുന്നതുവരെ നാം വേലയിൽ വ്യാപൃതരായിരിക്കണം എന്നുമാണ് കൊയ്ത്തിന്റെ യജമാനന്റെ ആഗ്രഹം. ഇത് ആഴമേറിയ ഒരു ആഗ്രഹത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. യേശുക്രിസ്തുവിന്റെ സുവാർത്ത ശുശ്രൂഷകരിലൂടെയാണ് ദേശത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കപ്പെടുന്നത്. അതിനാൽ ക്രിസ്തീയ വിശ്വാസികളായ നാം ഓരോരുത്തരും മിഷണറി വേലയിൽ വ്യാപൃതരായി പങ്കാളിത്തം വഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

“മിഷണറി” എന്ന പദം വേദപുസ്തകത്തിൽ ഉണ്ടോ? പിന്നെ എന്തിനാണ് ‘മിഷണറി’, ‘മിഷണറി’ എന്ന പദം ആവർത്തിച്ചു പോരുന്നത്? ഇംഗ്ലീഷ്, മലയാളം, തമിഴ് വേദപുസ്തകങ്ങളിൽ ഇതേ പദം തന്നെ ഉപയോഗിച്ചിട്ടില്ല. അപ്പോസ്ഥലൻ (അയക്കപ്പെട്ടവൻ) എന്നാണ് അപ്പോസ്ഥലോസ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം, തിരഞ്ഞെടുക്കപ്പെട്ട 12 ആളുകൾക്ക് ശിഷ്യന്മാർ എന്ന പേര് നൽകപ്പെട്ടിരുന്നു. താമസംവിനാ അവർക്ക് അപ്പോസ്ഥലന്മാർ എന്ന പേര് ലഭിക്കുന്നു (മത്തായി. 10:1–2) ആരംഭത്തിൽ ശിഷ്യന്മാർ യേശുവിനോട് ഒപ്പം ആയിരുന്നു. യേശുവിനോടുകൂടെ ആയിരുന്ന ശിഷ്യന്മാർ യേശുവിനുവേണ്ടി പുറത്തേയ്ക്ക് അയക്കപ്പെട്ടു. (മത്തായി 10:5). അന്തോക്യയിലെ പ്രാദേശിക സഭയിൽ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. (അ പ്ര. 3:1) പരിശുദ്ധാത്മ നിയോഗത്താൽ അവർ ശുശ്രൂഷകരായി അയക്കപ്പെട്ടു. (അപ്ര.13:4). അന്നത്തെ പ്രവാചകന്മാരും ഉപദേഷ്ടകന്മാരായിരുന്ന പൗലോസിനും ബർന്നബാസിനും അപ്പോസ്ഥലന്മർ എന്ന പുതിയ സ്ഥാനപ്പേര് ലഭിക്കുന്നതായി (അ പ്ര. 14:4) –ൽ നാം വായിക്കുന്നു. പ്രാദേശിക സഭാശുശ്രൂഷയിൽ ശിഷ്യന്മാർ, അയക്കപ്പെട്ട് പ്രാദേശിക അതിർവരമ്പുകൾക്കപ്പുറത്ത് ശുശ്രൂഷകൾ ആർപ്പിച്ചവർ അപ്പോസ്ഥലന്മാർ.

അപ്പോസ്ഥലോസ് എന്ന ഗ്രീക്ക് പദത്തിന് തുല്യമായ ലാറ്റിൻ പദത്തിൽ നിന്നാണ് ഇംഗ്ലീഷ് ഭാഷയിലെ മിഷണറി എന്ന പദം ഉരുവായിരിക്കുന്നത്. അപ്പോസ്ഥലൻ/മിഷണറി എന്നീ വാക്കുകൾ അന്യോന്യം മാറ്റി മാറ്റി ഉപയോഗിക്കുന്നു എന്ന് സാരം.

ഉയിർത്തെഴുന്നേറ്റ കർത്താവ് 'പോക' എന്ന കല്പനയാണ് തന്റെ ശിഷ്യന്മാർക്ക് നല്കിയത്. മൂന്നര വർഷക്കാലത്തെ പരസ്യശുശ്രൂഷക്കു ശേഷം പിതാവിങ്കലേയ്ക്ക് മടങ്ങുന്നതിനുമുൻപ് തന്റെ ശിഷ്യഗണങ്ങളെ വിളിച്ച് അവർക്ക് ഉയിർത്തെഴുന്നേറ്റ കർത്താവ് 'ശക്തിയും', 'സാക്ഷ്യവും' നല്കി (അ പ്ര. 1:8) ലോകത്തിന്റെ അറ്റത്തോളം തന്റെ സാക്ഷികൾ ആകണം എന്ന അന്ത്യാഭിലാഷം അറിയിച്ചിട്ടാണ് യേശുക്രിസ്തു മേഘങ്ങളിൽ എടുക്കപ്പെട്ടത്. 'ശക്തി', 'സാക്ഷി' എന്നീ രണ്ട് വാക്കുകൾ അരുമനാഥന്റെ അന്ത്യമൊഴിയിൽ ശ്രദ്ധേയമാണ്. 'ഡുനാമിസ്' എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് സ്ഫോടനാത്മകമായ ശക്തി എന്നർത്ഥമാക്കുന്ന പരിശുദ്ധാത്മ ശക്തി ആവിർഭവിച്ചിരിക്കുന്നത്. സാക്ഷി എന്നതോ രക്തസാക്ഷി എന്നർത്ഥം. ഇന്നത്തെ ക്രിസ്തീയ വിശ്വാസികളായ നമുക്കോ പെന്തെക്കോസ്ത് ശക്തി വേണം. എന്നാൽ പെന്തെക്കോസ്ത് വേദന വേണ്ട. ആദിമ അപ്പോസ്തലന്മാർ ഈ രണ്ട് അനുഭവങ്ങളിലൂടെയും കടന്നുപോയിരിക്കെ, നാമും ആ പാത പിൻതുടരേണ്ടതാണ്.

അപ്പോസ്തലന്മാർക്ക് രക്തസാക്ഷിത്വം കൈവരിക്കേണ്ടിവന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

- അന്ത്രയോസ് ഗുണനാകൃതിയിലെ ക്രൂശിൽ അക്കായായിൽ ക്രൂശിക്കപ്പെട്ടു.
- ബർത്തൊലൊമായി തോൽ ഉരിക്കപ്പെട്ട് അർമേനിയയിൽ കൊല്ലപ്പെട്ടു.
- യോഹന്നാന്റെ സഹോദരൻ യാക്കോബിനെ അഗ്രിപ്പാ രാജാവ് യെരുശലേമിൽ ശിരഛേദനം ചെയ്തു.
- ക്ലെയോപ്പാവിന്റെ മകൻ യാക്കോബിനെ ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നും താഴേയ്ക്ക് തള്ളിയിട്ട് കല്ലെറിഞ്ഞ് കൊന്നു.
- തദ്ദേയനായ യൂദാ അർമേനിയായിൽ അമ്പുകൾ ഏറ്റ് കൊല്ലപ്പെട്ടു.
- മത്തായി എത്യോപ്പിയയിൽ വാളിനാൽ വീഴ്ത്തപ്പെട്ടു.
- പത്രോസ് റോമിൽ തലകീഴായി ക്രൂശിക്കപ്പെട്ടു.
- ഫിലിപ്പോസിനെ ഹീരാപ്പോളി നാട്ടിൽ ഒരു തൂണിൽ തൂക്കി കല്ലെറിഞ്ഞു കൊന്നു.
- എരിവുകാരനായ ശീമോൻ 129-ാം വയസ്സിൽ ക്രൂശിക്കപ്പെട്ടു.
- അപ്പോസ്തലനായ തോമസ് ഭാരതത്തിൽ കൊലചെയ്യപ്പെട്ടു.
- യൂദാ യേശുവിനെ മുപ്പത് വെള്ളിക്കാശിന് ഒറ്റിക്കൊടുത്ത് തൂങ്ങിച്ചത്തു

*പേജ് 18 കാണുക*

# സാക്ഷാൽ സ്വാതന്ത്ര്യം



ആഫ്രിക്കൻ പ്രദേശത്ത് കുരങ്ങുകളെ പിടിക്കാൻ പ്രയോഗിക്കുന്ന ഒരു ഉപായമുണ്ട്. വായ് വിസ്താരം കുറഞ്ഞ ഭാരം കൂടിയ പാത്രങ്ങളിൽ കുറെ പറങ്കിയണ്ടിപ്പരിപ്പ് ഇട്ട് ആ പാത്രങ്ങൾ തുറന്ന ഒരു സ്ഥലത്തു വയ്ക്കും. ഇത് ഇഷ്ടമുള്ള ഭക്ഷണ സാധനമായതുകൊണ്ട് പെട്ടെന്ന് കുരങ്ങന്മാർ ഓടിയെത്തും. ഓരോ പാത്രത്തിലും ഒരേ സമയം അഞ്ചും ആറും കുരങ്ങന്മാർ കൈയിടും. കയ്യിൽ നിറയെ അണ്ടിപ്പരിപ്പ് വാരുകയും ചെയ്യും. കൈകൾ പുറത്തെടുക്കുവാൻ കഴിയാതെ കുടത്തിൽ കുടുങ്ങിപ്പോകും. അണ്ടിപ്പരിപ്പ് കളഞ്ഞാൽ കൈ പുറത്തേയ്ക്ക് ഊരിയെടുക്കാം. പക്ഷെ കൈയിൽ കിട്ടിയത് കളയാൻ മനസ്സില്ലാത്തതുകൊണ്ട് അവ അന്യോന്യം യുദ്ധം ചെയ്യും. ഇതിനിടയിൽ ആളുകൾ വലയുമായി വന്ന് കുരങ്ങുകളെ വലയിലാക്കും. കൈ പുറത്തേക്കെടുക്കാതെ നിൽക്കുന്ന പിടിവാശിക്കാർക്കാണ് 'മർക്കട മുഷ്ടികൾ' എന്ന പേരുണ്ടായത്. ഇന്നും അനേകർ ഇതുപോലെ തന്നെയാണ്. പല കാര്യങ്ങളും വിട്ടുകളയാൻ മനസ്സില്ലാത്തതുകൊണ്ട് അടിമ നുകത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ഭാരതം 1947-ൽ സ്വാതന്ത്ര്യം പ്രാപിച്ചു എന്നു പറയുമ്പോഴും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ അഭിപ്രായ സ്വാതന്ത്ര്യമോ ആരാധനാ സ്വാതന്ത്ര്യമോ ഇല്ലാതെ കഴിയുന്ന ആളുകൾ വസിക്കുന്നുവെന്നത് പച്ചയായ യാഥാർത്ഥ്യമാണ്. അടിമക്കച്ചവടം നിറുത്തലാക്കിയെങ്കിലും ഇന്നും അടിമകളെപ്പോലെ പണിയെടുക്കുന്ന അനേകർ ചുറ്റുപാടുമുണ്ട്. 1941-ൽ അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിലും, അമേരിക്കൻ പ്രസിഡന്റ് റൂസ്‌വെൽറ്റും കൂടി തയ്യാറാക്കിയ 'അറ്റ്ലാന്റിക് ചാർട്ടർ' എന്ന ഉടമ്പടിയിൽ 4 സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നു Freedom from poverty, Freedom from fear, Freedom from worship, Freedom from speech, എന്നാൽ അഞ്ചാമത് ഒരു സ്വാതന്ത്ര്യം കൂടെ മനുഷ്യന് അത്യാവശ്യമാണ് അതാണ് Freedom from Sin. അത് ക്രിസ്തുവിൽ നിന്നുമാണ് നമുക്ക് ലഭിക്കുന്നത്. ആ സ്വാതന്ത്ര്യം ലഭ്യമാകുന്നതിനാണ് നമ്മുടെ പരിശ്രമം ഉണ്ടാകേണ്ടത്. നമ്മുടെ ബലഹീനതകൾ ചൂഷണം ചെയ്ത് സ്വാതന്ത്ര്യത്തിൽ നിന്നും നമ്മെ പിന്നോട്ടുവലിക്കുന്ന എല്ലാ

പ്രവർത്തനങ്ങളെയും എതിരിടണമെങ്കിൽ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യമാണ് ഇന്നു നമുക്കാവശ്യം. നമ്മുടെ തിരുവചന വായനയും ധ്യാനവും സാക്ഷാൽ സ്വാതന്ത്ര്യത്തിലേക്ക് നമ്മെ കൈപിടിച്ചു നടത്തട്ടെ.

പ്രാർത്ഥനയോടെ,

സനിലച്ചൻ.

sanilblessings@gmail.com

---

*പേജ് 16 - ന്റെ തുടർച്ച (മിഷണറി ദൗത്യം രക്തസാക്ഷി പാതയിൽ)*

- യോഹന്നാൻ മാത്രമാണ് പത്മോസ് ദ്വീപിൽ സ്വാഭാവിക മരണം വരിച്ചത്.
- യൂദയുടെ പകരക്കാരനായ തദ്ദയൂസ് പോലും കല്ലെറിയപ്പെട്ട് ദാരുണമായി കൊല്ലപ്പെട്ടു.

ലഭ്യമായിരിക്കുന്ന ഏറ്റവും വിശ്വാസനീയമായ പാരമ്പര്യ പ്രകാരം പൗലോസും റോമിൽ ശിരഛേദം ചെയ്യപ്പെട്ടു. രക്തസാക്ഷികളുടെ രക്തമാണ് സഭയുടെ വിത്ത്. നമുക്കെങ്ങനെ അടങ്ങിയിരിക്കാൻ സാധിക്കും? പുനരുത്ഥാനത്തിനു പിന്നാലെ ആഘോഷപൂർവ്വം പെന്തക്കോസ്ത് ദിനം ആചരിക്കുന്ന നമുക്ക് പരിശുദ്ധാത്മ സാക്ഷികളായിത്തീരാൻ ഒരുങ്ങാം, ഒരുമപ്പെടാം, നമ്മെത്തന്നെ സമർപ്പിക്കാം.

"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും" (മർക്കൊസ് 8:35) ✸

## Meditation

August 7, 2016: Mission Sunday
Mission: **From Everywhere to Everywhere**
1 Kings 17:1-16, Ps. 107:1-15, Gal. 2:1-10, Mt. 13:47-52.

August 14, 2016
**Sacrament of Holy Communion**
Ex. 12:1-14, Ps. 42, 1 Cor. 10:14-22, Lk. 22:7-20.

August 21, 2016
**God and People of All faiths**
Amos. 9:1-12, Ps.66, Rom. 2:17-29, Jn. 10:14-18.

August 28, 2016
**Peace in the Context of Violence**
Isa. 24:1-12, Ps. 52, Rom. 12:14-21, Mt. 5:38-48.

# യംഗ് ഫാമിലി ഫെലോഷിപ്പ് ചാരിറ്റി ഫെസ്റ്റ് 2016

വീണ്ടും സാധുക്കളെയും അശരണരേയും സഹായിക്കാൻ ഒരവസരം കൂടി വന്നെത്തിയിരിക്കുന്നു. അവർക്ക് ആശ്വാസമേകാൻ 2016 ആഗസ്റ്റ് മാസം 14-ാം തീയതി ഞായറാഴ്ച രാവിലെ 10 മണി മുതൽ റ്റി.ജെ.എം. ഹാളിൽ വച്ച് യംഗ് ഫാമിലി ഫെലോഷിപ്പ് ചാരിറ്റി ഫെസ്റ്റ് നടത്തുന്നു.

തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി സഹായം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ വർഷം 80 അപേക്ഷകൾ ലഭിച്ചു. അതിന്റെ യാഥാർത്ഥ്യവും ആവശ്യകതയും ഓരോ ഭവനങ്ങളിലും നേരിട്ടെത്തി മനസ്സിലാക്കിയതിൽ നിന്നും 44 അപേക്ഷകർക്ക് സഹായം നൽകി.

ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഭൂരിഭാഗത്തിനും അവരുടെ പൂർണ്ണമായ ആവശ്യം നിറവേറ്റികൊടുക്കാൻ ആഗ്രഹമുണ്ട് എങ്കിലും സാമ്പത്തികസ്ഥിതി പരിമിതമാകയാൽ സാധിക്കുന്നില്ല. കൂടുതൽ തുക ലഭ്യമായാൽ അനേകർക്ക് ആശ്വാസമേകാനാകും.

**ദൈവവചനം പറയുന്നത്. 'നീ അവന് (ദരിദ്രന്) കൊടുത്തേ മതിയാവൂ. കൊടുക്കുമ്പോൾ ഹൃദയത്തിൽ വ്യസനം തോന്നരുത്. നിന്റെ ദൈവമായ യഹോവ നിന്റെ സകല പ്രവർത്തികളിലും സകല പ്രയത്നത്തിലും അതു നിമിത്തം നിന്നെ അനുഗ്രഹിക്കും. ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല. അതുകൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന് നിന്റെ കൈ മനസ്സോടെ തുറന്നുകൊടുക്കേണമെന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു'. ആവ 15:10-11.**

ആകയാൽ നിങ്ങൾ ഓരോരുത്തരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹായവും പ്രതീക്ഷിച്ചുകൊള്ളുന്നു.

**കഴിഞ്ഞവർഷം വൈ.എഫ്.എഫ്. സഹായിച്ച 44 പേരുടെ വിശദാംശങ്ങൾ ചുവടെ പരാമർശിക്കുന്നു.**

| ക്രമ നമ്പർ | പേര്, സ്ഥലം | ഫോൺ നമ്പർ | നൽകിയ സഹായം | തുക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ചെറുപുഷ്പം, പൂവാർ | 9633846248 | വിവാഹ സഹായം | 5,000 |
| 2 | സന്ദീപ്, നെടുമങ്ങാട് | 9605205798 | ചികിത്സാ സഹായം - കിഡ്നി തകരാർ | 15,000 |
| 3 | തങ്കമ്മ, ഉറിയാക്കോട് | 8086986655 | പൂർണ്ണമായുള്ള ഭവന നിർമ്മാണം | 3,55,538 |
| 4 | സൂര്യകല, വള്ളക്കടവ് | 9656621642 | ചികിത്സാ സഹായം - അപകടം | 20,000 |
| 5 | സരള ആർ.കെ. | 963362342 | ചികിത്സാ സഹായം - ഹൃദ്രോഗം | 5,000 |
| 6 | സുമ ആർ., കല്ലയം | 9747782736 | കടബാദ്ധ്യത - ജപ്തി ഭീഷണി | 25,000 |
| 7 | സജിത ബി., ഇളഞ്ചിറ | 7356266820 | നിത്യവൃത്തിക്കായുള്ള സഹായം | 20,000 |
| 8 | പ്രസന്ന കെ., കല്ലിയൂർ | 8547702096 | ചികിത്സാ സഹായം - ക്യാൻസർ | 24,000 |
| 9 | ജയശ്രീ, വെണ്ണിയൂർ | 9947432810 | ഭവന നിർമ്മാണ സഹായം | 25,000 |
| 10 | ഗ്രീഷ്മലാൽ, വെളിയംകോട് | 9656662837 | വിവാഹ സഹായം | 10,000 |
| 11 | സജിത വി., വെള്ളനാട് | 9847378059 | തയ്യൽ മെഷീൻ വാങ്ങുന്നതിന് (ഭർത്താവ് ശരീരം തളർന്ന് കിടപ്പിൽ) | 25,000 |
| 12 | രാജി എസ്., അരുവിക്കര | 8281725276 | വിവാഹ സഹായം | 26,600 |
| 13 | വി. മോഹനൻ, കറ്റച്ചൽകുഴി | | ചികിത്സാ സഹായം - അരയ്ക്ക് താഴെ ശേഷിയില്ല | 10,000 |
| 14 | സുരേന്ദ്രൻ, പൂഴികുന്ന് | 9605782745 | ചികിത്സാ സഹായം - കിഡ്നി തകരാർ | 10,000 |
| 15 | വത്സലാ വിശ്വനാഥൻ, കരമന | 9746110956 | ഭവന നിർമ്മാണ സഹായം | 15,000 |
| 16 | ജോസ്, കഞ്ചാപഴിഞ്ഞി | 9946621775 | ചികിത്സാ സഹായം - ചലനശേഷിയില്ലാത്ത അവസ്ഥ | 10,000 |
| 17 | ലിബിൻ, കറ്റച്ചൽകുഴി | 9746412837 | ചികിത്സാ സഹായം - കിഡ്നി തകരാർ കിടരോഗി | 10,000 |
| 18 | ബിജു എസ്., പാമ്പുകാല | 9846753447 | ചികിത്സാ സഹായം - സോറിയാസിസ് | 5,000 |

| | | | | |
|---|---|---|---|---|
| 19 | നാൻസി, ഒറ്റശേഖരമംഗലം | 8606201685 | ചികിത്സാ സഹായം – ക്യാൻസർ | 5,000 |
| 20 | ബിജു റ്റി., വെള്ളറട | 9544102544 | ചികിത്സാ സഹായം – വലതുകൈ തളർച്ചയിൽ | 10,000 |
| 21 | സിൽവി ജെ., കോട്ടുക്കോണം | 9645913541 | വിവാഹ സഹായം | 10,000 |
| 22 | ഗീത കെ., കാഞ്ഞിരംകുളം | 9495865324 | ചികിത്സാ സഹായം – ക്യാൻസർ | 5,000 |
| 23 | ജോയിസ്, പൊഴിയൂർ | 9544834235 | ചികിത്സാ സഹായം – ക്യാൻസർ | 5,000 |
| 24 | സത്യദാസ്, വിളപ്പിൽശാല | 9526233727 | ചികിത്സാസഹായം – ക്യാൻസർ | 5,000 |
| 25 | ആതിര, മാരായമുട്ടം | 9526059530 | ചികിത്സാസഹായം – സംസാരശേഷി, കേൾവി ഇല്ല അമിതവണ്ണം | 5,000 |
| 26 | ശ്രുതി വി.എസ്., പന്നിയോട് | 9895796460 | വിവാഹ സഹായം | 10,000 |
| 27 | മറിയക്കുട്ടി, വെള്ളറട | 9562030475 | വിവാഹ സഹായം | 10,000 |
| 28 | അമ്മിണി, ധവളപുരം | 9995154592 | ചികിത്സാ സഹായം – ക്യാൻസർ | 24,000 |
| 29 | ശരണ്യ, വർക്കല | 9846255743 | ചികിത്സാ സഹായം – ക്യാൻസർ | 5,000 |
| 30 | അംബിക, ആനപ്പാറ | 9495824534 | വിവാഹ സഹായം | 10,000 |
| 31 | കുമാരി ഡി., പാറാംകുഴി | 8943254032 | വിവാഹ സഹായം | 10,000 |
| 32 | സ്മിതിദാസ്, കരുപ്പൂര് | 9947915044 | ചികിത്സാ സഹായം – കരളിലെ അസുഖം | 10,000 |
| 33 | ശാന്താറാം, മരുതംകോട് | 9245459275 | ചികിത്സാ സഹായം | 5,000 |
| 34 | മനോഹരൻ, ഉച്ചക്കട | 9846528723 | ചികിത്സാ സഹായം – ബ്ലഡ് ക്യാൻസർ | 5,000 |
| 35 | വസന്ത, ഉച്ചക്കട | 8086528150 | ചികിത്സാ സഹായം – ക്യാൻസർ | 5,500 |
| 36 | ഷീല ആർ., കഴിവൂർ | 9567717971 | സാധു സഹായം | 5,000 |
| 37 | വിജുലറാണി, പാറശ്ശാല | 9633041983 | ചികിത്സാ സഹായം – ക്യാൻസർ | 6,000 |
| 38 | ശാന്ത, ഉറിയാക്കോട് | 9539327189 | വിവാഹ സഹായം | 5,000 |
| 39 | പുഷ്പലത, പേരൂർക്കട | 9745065869 | നിത്യവൃത്തിക്കായുള്ള സഹായം | 12,000 |
| 40 | ശശി, കാഞ്ഞിരംപാറ | 95399002667 | ചികിത്സാ സഹായം – ഓപ്പറേഷൻ | 5,000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 41 | എസ്. തങ്കം, എരുത്താവൂർ | 9895501974 | ചികിത്സാ സഹായം – ട്യൂമർ | 11,000 |
| 42 | റ്റി.പി. വിനോദ്, വീരണകാവ് | 9495225164 | വിദ്യാഭ്യാസ സഹായം | 5,000 |
| 43 | ഷൈലജ എസ്., കിള്ളി | 9995232352 | വിവാഹ സഹായം | 10,000 |
| 44 | ഗീതാകുമാരി, അമരവിള | 9895890939 | ചികിത്സാ സഹായം | 11,000 |

മേൽ പരാമർശിച്ച സഹായങ്ങൾ നൽകിയതിനു പുറമേ മുക്കോലയിലെ ബെഥേൽഗ്രാം ഓൾഡേജ് ഹോമിന് (പഴയ ന്യൂസ് പേപ്പർ ശേഖരണത്തിലൂടെയും സംഭാവനകളിലൂടെയും) 2015–ൽ **90,010** രൂപ നൽകി സഹായിച്ചു.

കൂടാതെ എൽ.എം.എസ്. കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സി.ആർ.ഡി. ഹോമിലെ കുട്ടികൾക്ക് ഒരു നേരത്തെ ആഹാരം, ഒരു ഇലക്ട്രോണിക് ഓർഗൻ, ദൈനംദിന ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ എന്നിവയ്ക്കായി **49,602** രൂപ നൽകി സഹായിച്ചു.

യംഗ് ഫാമിലി ഫെലോഷിപ്പിലെ കുഞ്ഞുങ്ങൾ 'സ്നേഹനിധി' കുടുക്ക പ്രോജക്റ്റിലൂടെ സ്വരൂപിച്ച **9,100** രൂപയ്ക്കുള്ള വിദ്യാഭ്യാസസഹായം, കൊത്തളം മിഷൻ സെന്ററിലെ കുട്ടികൾക്ക് **1,500** രൂപയുടെ സഹായം, സീയോൻകുന്ന് എന്ന സ്ഥലത്തെ, സാന്ദ്ര എന്ന കുട്ടിക്കും നൽകി.

വൈ.എഫ്.എഫ്. –ന് ഇപ്പോഴും ഇപ്രകാരമുള്ള ധാരാളം അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. അശരണർക്ക് ഇത്തരത്തിൽ ഒരാശ്രയമേകാൻ 2016 ആഗസ്റ്റ് മാസം 14–ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് നടത്തുന്ന ചാരിറ്റിഫെസ്റ്റിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

പതിവായുള്ള ലേലം, ഗെയിമുകൾ, ഫുഡ് കോർട്ട്, ലക്കി ഡിപ്പ് എന്നിവയ്ക്കു പുറമേ വിവിധ ശേഖരങ്ങളുടെ ഒരു എക്സിബിഷനും ഇതിനോടനുബന്ധിച്ച് നടത്തുന്നതാണ്.

ഡോ. രാജ്മോഹൻ ജെ. എൽ., അസിസ്റ്റന്റ് പ്രൊഫസർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം, ഈ പരിപാടി ഉദ്ഘാടനം ചെയ്യുന്നതാണ്. എല്ലാ സഭാജനങ്ങളും ഇതിൽ നിർലോഭമായി സഹകരിച്ച് ഈ ഉദ്യമം ഒരു വൻ വിജയമാക്കി തീർക്കുന്നതിന് ആഹ്വാനം ചെയ്യുന്നു.

***ഇതിനായി പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പങ്കെടുക്കുക.***

**കൺവീനർ, വൈ.എഫ്.എഫ്. ചാരിറ്റി സബ് കമ്മിറ്റി.**

# Circle Prayer List for August 2016

| Date | F No | Name | Address | Area Deacon | Presbyter |
|---|---|---|---|---|---|
| 2-08-2016 | 1308 | Mr.Stalin Retnakumar R | Shalom,TC 11/1696-2, CRA D 17,Charachira | Er. Priya Joy | Rev. Dr. Jyothi Isaac |
| 2-08-2016 | 1655 | Mr.Samuel Manoj Kumar Joseph | Hill View,TC 12/249, TRA 68,Thekkummoodu | Prof. Oliver A. Maison | Rev. N. R. Sanil Kumar |
| 2-08-2016 | 1554 | Mrs.Jagathamma | Nilami,KP 3/1124A, Enikara,Karakulam | Mr. Ceragil Austin Prince | Rev. T. Velvet John |
| 5-08-2016 | 1482 | Mr.Thampi Vinod Raj Y C | Chella Bhavan,TC 4/1612,Keston Road,Kowdiar | Er. Lal C. L. | Rev. T. Velvet John |
| 5-08-2016 | 1732 | Er.Lalitha Jayakumar | Belston,TC 11/925(4), NNRA 71,Nalanda, Nanthencode | Mrs. Freeda Christopher | Rev. Dr. Jyothi Isaac |
| 5-08-2016 | 1569 | Mrs.Rose Padma Ambrose | SPRA 311B,Padma Bhavan,Padmanabha Nagar, Nettayam | Er. Lal C. L. | Rev. T. Selvarajan |
| 5-08-2016 | 1067 | Mrs.Susan Edward | Revathi,UG 39,Ulloor Gardens,Ulloor,Medical College | Prof. Oliver A. Maison | Rev. N. R. Sanil Kumar |
| 9-08-2016 | 1894 | Dr.Raja Thangam A | TC 11/1309(1), 117 Bains Compound, Nanthencode | Mrs. Freeda Christopher | Rev. Dr. Jyothi Isaac |
| 9-08-2016 | 1194 | Mr.James Babuji Wills | Elim,TC 11/553-1,MBC 26, Museum Bains Compound | Mr. Edward John J. | Rev. T. Selvarajan |
| 9-08-2016 | 815 | Mr.Davidson A | Jiju Nivas,PRA 17,Paruthippara,Muttada | Mr. Ceragil Austin Prince | Rev. N. R. Sanil Kumar |
| 9-08-2016 | 1532 | Er.Antony Johnson | Sharon,TC 14/625-1,NRA 189,Nanthavanam | Mr. Edward John J. | Rev. T. Velvet John |
| 12-08-2016 | 637 | Mr.Mani T S | Mani Bhavan,TC 2/1705-10,GRA 653,Goureshapattom | Prof. Oliver A. Maison | Rev. N. R. Sanil Kumar |
| 12-08-2016 | 841 | Mr.Charles Jayakumar S | Shiniya,TC 11/973,NNRA 123,Nanthencode | Mrs. Freeda Christopher | Rev. Dr. Jyothi Isaac |
| 12-08-2016 | 84 | Ms.Seema Gainneos | Rose Dale,TC 27/503(1),THARA 163,Kunnukuzhy | Mr. Edward John J. | Rev. T. Selvarajan |
| 16-08-2016 | 1954 | Mr.Sathish William Fletcher | Fletchers Rockholm, Indira Nagar Peroorkada | Mr. Ceragil Austin Prince | Rev. T. Velvet John |
| 16-08-2016 | 959 | Prof.Oliver A Maison | Jaya Bhavan,TC 2/3311-3,CRRA 12A,Chalakuzhy Road | Prof. Oliver A. Maison | Rev. N. R. Sanil Kumar |
| 16-08-2016 | 1701 | Mr.Suresh Devarajan | NNRA-133,Tc 11/985, Nalanda Road,Nanthencode | Mrs. Freeda Christopher | Rev. Dr. Jyothi Isaac |
| 16-08-2016 | 293 | Mr.Bennet Thompson | TC 11/1254-1,YMR 18A,YMR Jn.,Nanthencode | Er. Priya Joy | Rev. T. Selvarajan |

## Circle Prayer List for August 2016

| | | | | | |
|---|---|---|---|---|---|
| 19-08-2016 | 1407 | Dr.Christudas M | TC 11/1376, Bains Compound-47, Nanthencode | Mrs. Freeda Christopher | Rev. Dr. Jyothi Isaac |
| 19-08-2016 | 1427 | Adv.Saguna Raj A | SRLA 19,Sankar Road, Sasthamangalam | Er. Lal C. L. | Rev. T. Selvarajan |
| 19-08-2016 | 4 | Mr.Mahesh Sinha | Sruthi,TC 2/2155-10,AN 226,Adarsh Nagar,Pattom | Prof. Oliver A. Maison | Rev. N. R. Sanil Kumar |
| 19-08-2016 | 1713 | Mr.Arthur Roosevelt | Bliss,TC 14/1497,PRA 6,Nandavanam | Mr. Edward John J. | Rev. T. Velvet John |
| 23-08-2016 | 744 | Adv.John Lawrence C | Providence,TC 19/1417-4,GDRA 15,Green Dale Villas, Mudavanmugal | Mr. Arthur Roosevelt | Rev. Dr. Jyothi Isaac |
| 23-08-2016 | 2041 | Mr.Benjamin Suresh Jesudas | Ranjini,MBRRA 93,TC 27/1901-1,Mathrubhoomi Road,Vanchiyoor | Mr. Edward John J. | Rev. T. Selvarajan |
| 23-08-2016 | 2007 | Mr.Rojilal M L | Conifers,Arankallu Road, Kallayam | Mr. Ceragil Austin Prince | Rev. T. Velvet John |
| 23-08-2016 | 2006 | Er.Ansalam J | Kripa,TC 5/862-9,PRA -,Sishuvihar Road,Vazhuthacaud | Mr. Arthur Roosevelt | Rev. N. R. Sanil Kumar |
| 26-08-2016 | 1869 | Er.Joy H Jones | TC 3/1830,H No-J52, Jyothi Nagar, Kesavadasapuram | Mr. Ceragil Austin Prince | Rev. Dr. Jyothi Isaac |
| 26-08-2016 | 1573 | Mr.Sathya Valsalan C K | Providence,TC 27/2084-1,RWRA 132,Kurusadi Lane, Convent Road,GH Jn | Mr. Edward John J. | Rev. T. Selvarajan |
| 26-08-2016 | 2054 | Mr.Dharma Kumar C | Symphony,Mullippra,Vazhayila,Karakulam | Mr. Ceragil Austin Prince | Rev. T. Velvet John |
| 30-08-2016 | 2008 | Mr.Edward John J | Lijo Bhavan,TC 26/976,No-29,Officers Nagar,Ootukuzhy | Mr. Arthur Roosevelt | Rev. Dr. Jyothi Isaac |
| 30-08-2016 | 2020 | Mr.Salu J R | 2nd Floor,Amma Arcade,TC 8/160-44,Thirumala | Mr. Arthur Roosevelt | Rev. N. R. Sanil Kumar |
| 30-08-2016 | 2045 | Mrs.Lalitha Bai R | G1,HWRA 215,Kuzhivila Appartments, Opp Samad Hospital | Mr. Edward John J. | Rev. T. Selvarajan |
| 30-08-2016 | 2074 | Mr.Albert Daniel Vinodh | Krupa,TC 14/1257,OHRA A8,Wellingdon Avenue, Palayam | Mr. Edward John J. | Rev. T. Velvet John |
| 2-09-2016 | 1778 | Er.Lal C L | Blessing,Hs No-B24, Meads Lane,Palayam | Mr. Edward John J. | Rev. T. Velvet John |
| 2-09-2016 | 2028 | Mr.Rajesh V R | Vijay,TC 14/1282(2),OVRA C80,Lenin Nagar Road | Mr. Edward John J. | Rev. N. R. Sanil Kumar |
| 2-09-2016 | 2094 | Mr.Solomon P | Lotus,CRA K1,TC 11/1594,YMR | Er. Priya Joy | Rev. T. Selvarajan |
| 2-09-2016 | A410 | Mr. Jaju Jacob Sam | 121, IVY Villa, Palace Gardens, Golf Links Road, Kowdiar | Er. Lal C. L. | Rev. Dr. Jyothi Isaac |

# Bible Quiz

**Ajith Sen**

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **First Book of Samuel (NIV), chapters 21 to 31.** Kindly, read these chapters before attempting the quiz. These eleven chapters describe downfall of Saul the first king of Israel and the story of David when he was hiding from Saul. Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible, kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions posted in the Church Office Notice Board. Submit your answers written in English or Malayalam before August 14th at the CSI MM Church Office or email us at cvquiz@mateermemorialchurch.com

---

1. Before which king did David pretend to be insane?
2. Who struck down priest Ahimelech and his family?
3. Where did David go up from Desert of Maon after Saul broke of his pursuit?
4. 'I will not lift my hand against my master, because he is the LORD's anointed', who said?
5. Who was Nabal's wife?
6. Who went with David to Saul's army camp in the night?
7. How long did David live in Philistine territory?
8. Who had expelled the mediums and spiritists from the land?
9. How many men were with David when he attacked the Amalekites?
10. Where was Saul and his three sons found fallen?

---

The correct answers to the quiz from 1 Samuel 11 to 20

1. The evil of idolatry 15:23
2. Three hundred thousand men of Israel and Thirty Thousand men of Judah 11:8
3. Jonathan 14:27
4. All Israel to Samuel 12:4
5. Naioth at Ramah 19:18
6. 2 (Only Saul and Jonathan) 13:22
7. Relief would come to Saul; he would feel better, and the evil spirit would leave him 16:23
8. Abinadab 17:13
9. Jonathan 18:3, 20,16
10. Ezel 20:19

---

**List of people who had submitted the right answers** (along with the reference)

1. Jolly Irene
2. Preetha John
3. Shireen Evangeline Ross
4. Meehal Godwin
5. Nirmala Lal Jayakumar
6. Lilora P. R.
7. Premila Janelet Sylam
8. Lalitha Jacob
9. Susheela Jamestone

## ബൈബിൾ ക്വിസ്സ്
## ആഗസ്റ്റ് 2016– 1 ശമൂ. 21–31

1. ഏതു രാജാവിൻെറ മുമ്പിലാണ്ദാവീദ്ബുദ്ധിഭ്രമം നടിച്ചത്?
2. അഹീമേലെക്ക്പുരോഹിതനെയും പിതൃഭവനക്കാരേയും വെട്ടിയത് ആരാണ്?
3. ശൗൽതന്നെപിന്തുടരുന്നതുവിട്ടുപോയതിനുശേഷം ദാവീദ്മാവോൻമരുവിൽനിന്നു എവിടേക്കാണ് കയറിപ്പോയത്?
4. ‘എൻെറ യജമാനൻെറ നേരെ ഞാൻ കയ്യെടുക്കയില്ല; അവൻ യഹോവയുടെ അഭിഷിക്തനല്ലോ’, എന്നുപറഞ്ഞതാര്?
5. നാബാലിൻെറഭാര്യ?
6. ശൗലിൻെറ പടജ്ജനത്തിൻെറ പാളയത്തിൽദാവീദിനോടൊപ്പം രാത്രിയിൽപോയതാര്?
7. ദാവീദ് എത്ര കാലം ഫെലിസ്ത്യദേശത്തുപാർത്തു?
8. വെളിച്ചപ്പാടന്മാരേയും മന്ത്രവാദികളെയും ദേശത്തുനിന്നുനീക്കിക്കളഞ്ഞതാര്?
9. ദാവീദ് അമാലേക്യരെ ആക്രമിച്ചപ്പോൾദാവീദിനോടൊപ്പം എത്രപേർ ഉണ്ടായിരുന്നു?
10. ശൗലും പുത്രന്മാരും വീണു കിടന്നതു എവിടെ?

---

# Events upto 24-07-2016

## Crossed Jordan to be with the Lord

| Sl. No. | Family No. | Name |
|---|---|---|
| 1 | 0199 | Mrs. Daisy Thampy Joseph<br>Dhaya Sadan,NCRA 30,TC 11/1232,<br>Near YMR,TVM 3<br>Died on 11-07-2016  |
| 2 | 0138 | Mrs. Gladis Devadas<br>Sharon,VP 6/496,Manalayam,<br>Kodunganoor , P.O.,TVM 13<br>Died on 19-07-2016  |

## Baptism

| Sl. No. | Family No. | Name | Date of Baptism |
|---|---|---|---|
| 1 | 1783 | Ms. Sharon A | 03-07-2016 |
| 2 | 1965 | Mast. Iain Ronald | 17-07-2016 |

## Confirmation

| Sl. No. | Family No. | Name | Confirmation Date |
|---|---|---|---|
| 1 | 1523 | Ms. Jessy Mary Navin | 24-07-2016 |
| 2 | 1523 | Ms. Jeena Rachel Navin | 24-07-2016 |

# MM CHURCH ADMINISTRATIVE COMMITTEE 2016-17

| Photo | Name | Phone |
|---|---|---|
|  | Prof. Oliver A. Maison (Secretary) | 9495352829 |
|  | Er. Lal C. L. (Accountant) | 9447101223 |
|  | Mr. Arthur Roosevelt | 9447461719 |
|  | Mr. Edward John J. | 9495666455 |
|  | Er. Ceragil Austin Prince | 9037819570 |
|  | Mrs. Freeda Christopher | 9746296008 |
|  | Er. Priya Joy | 9645314473 |

## ALLOCATION OF WARDS

| | |
|---|---|
| Prof. Oliver A. Maison | - Pattom, Ulloor |
| Er. Lal C. L. | - Kowdiar, Edapazhinji |
| Mr. Arthur Roosevelt | - Vazhuthacaud, Thycaud |
| Mr. Edward John J. | - LMS- Palayam, Statue |
| Mr. Ceragil Austin Prince | - Ambalamukku, Muttada |
| Mrs. Freeda Christopher | - Nanthencode |
| Er. Priya Joy | - Charachira |

## SUB - COMMITTEES

| | |
|---|---|
| Gospel Band | - Rev. T. Velvet John, Prof. Oliver A. Maison |
| Parsonage Complex | - Rev. Dr. Jyothi Isaac, Prof. Oliver A. Maison |
| Cemetery | - Rev. T. Selvarajan, Mr. Edward John J. |
| City Mission | - All Presbyters, Mr. Edward John J. |
| Halls | - Rev. T. Velvet John, Mr. Arthur Roosevelt |
| Church Campus Beautification | - Rev. T. Selvarajan, Mr. Ceragil Austin Prince |
| IT & Documentation | - Rev. N. R. Sanil Kumar, Mr. Ceragil Austin Prince |
| Church Voice | - Rev. N. R. Sanil Kumar, Er. Priya Joy |

## CHARGE OF SUB- ORGANISATIONS

| | |
|---|---|
| Sunday School | - Prof. Oliver A. Maison, Er. Lal C. L., Mrs. Freeda Christopher |
| CEYF | - Mr. Ceragil Austin Prince |
| Young Family Fellowship | - Er. Priya Joy |
| Women's Fellowship | - Mrs. Freeda Christopher |
| Men's Fellowship | - Mr. Edward John J. |
| Senior Citizen's Fellowship | - Mr. Arthur Roosevelt |
| Choir | - Er. Lal C. L. |

3rd DEATH ANNIVERSARY
26-08-2016



In Loving Memory of

# M. STANLY

(Rtd. Lab Asst. MCH, Tvm)

Shalem, TC 14/625-2, Nandavnam

*Remembered with deep love,*
*There is no death*

*Wife: L. Lilly Bai,*
*Daughter: Latha*
*Son-in-Law: Johny*
*Grand Children: Feba, Neha*

*In Loving Memory of*



# STANLY SATHYANESAN

(Ex-Mayor of Thiruvananthapuram Corporation )

Called to Eternal Glory on 05-08-2001

*Wife: Molly Stanly*
*Son: Dr. Benoy Stanly, Seena Stanly, Shaun Mathew Stanly*
*Bejoy Stanly, Dania Stanly, Jessica Ann Stanly*

# Tenth Death Anniversary



*In ever loving memmory of*

## N. YOHANAN

Died on August 05, 2006

"Treasured Memories like A Golden Chain
Link Us Till We Meet Again"

By Children and Grand Children

Grace Printers, Mob: 9447059891